**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5393 — 31.10.2016 ൽ മറുപടിക്ക്

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, ആർ. രാമചന്ദ്രൻ<br>,, വി.ആർ. സുനിൽ കുമാർ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ആരോഗ്യ സംരക്ഷണത്തിനും രോഗ പ്രതിരോധത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി മാറ്റുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അത് അനുസരിച്ചുള്ള പ്രാരംഭ നടപടികൾ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ വഴി മെച്ചപ്പെട്ട ക്ലിനിക്കൽ സേവനങ്ങൾ ലഭ്യമാക്കാൻ പരിശീലനം നൽകേണ്ട മേഖലകൾ തിട്ടപ്പെടുത്തുന്ന പ്രക്രിയ എസ്.എച്ച്.എസ്.ആർ.സി വഴി നടന്നു വരികയാണ്. |
| (ബി) | നിലവിൽ സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനം പേരാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ എത്തുന്നത്; ഇതുവർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | 5.73% പേർ.<br>അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ ജീവനക്കാരെ നിയമിച്ചും ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കുടുംബ ഡോക്ടർ എന്ന സംവിധാനം കൊണ്ടുവരുന്നതുവഴി ഏത് ചെറിയ രോഗങ്ങൾക്കും സ്പെഷ്യലിസ്റ്റുകളെ തേടിപ്പോയി അനാവശ്യപണച്ചെലവ് വരുത്തുന്ന സ്പെഷ്യലൈസേഷൻ ഭ്രമത്തിന് കുറവ് വരുത്താനാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി അവിടങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ സജ്ജമാക്കുന്നതിലൂടെ ഒരോ പ്രദേശത്തേയും സാംക്രമിക രോഗങ്ങളും ജീവിത ശൈലി രോഗങ്ങളും കണ്ടെത്തി പരിഹരിക്കുവാനും, സാംക്രമിക രോഗ സാന്നിദ്ധ്യവും അവക്ക് കാരണമാകുന്ന ഘടകങ്ങളും കണ്ടെത്തി പരിഹരിക്കുവാനും സാധിക്കുന്നതിലൂടെ രോഗപ്രതിരോധവും നിയന്ത്രണവും പ്രാഥമികമേഖലയിൽ കൊണ്ടു വരാൻ സാധിക്കും. പകർച്ച വ്യാധികളല്ലാത്ത |

| | | | | |
|---|---|---|---|---|
| | | | | രോഗങ്ങളുടെ കാര്യത്തിൽ ഒരു പ്രാഥമിക ആരോഗ്യ സംമ്പ്രദായം വികസിപ്പിച്ചെടുക്കാനും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ പ്രാഥമികാരോഗ്യതലം മുതലുള്ള സ്ഥാപനങ്ങളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. ടി തസ്തിക സൃഷ്ടിക്കപ്പെടുന്നതിലൂടെ മെച്ചപ്പെട്ട സേവനം പ്രാഥമിക തലത്തിൽ നൽകാൻ സാധിക്കുകയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ തേടിപോകുന്ന പ്രവണത കുറയുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ